# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3788 **15.05.2017** -ൽ മറുപടിയ്ക്ക്

**<u>മലയാളം സർവ്വകലാശാലയ്ക്ക് വേണ്ടി ഭൂമി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. എം. ഷാജി : | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മലയാളം സർവ്വകലാശാലക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | മലയാളം സർവ്വകലാശാലയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുവാൻ **17.02.2016** തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം ചേർന്ന് എസ്.എൽ.ഇ.സി. അംഗീകാരത്തിനായി **23.06.2016** തീയതിയിൽ സർക്കാരിലേക്ക് അയച്ചിരുന്നു. ജില്ലാതല വില നിർണ്ണയ സമിതി നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടു നൽകാൻ തയ്യാറാണെന്ന് കാണിച്ചു കൊണ്ട് ബെഞ്ച് മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റ് സർക്കാരിലേക്ക് **17.06.2016** ന് അപേക്ഷ നൽകുകയും ടി അപേക്ഷ റിപ്പോർട്ടിനായി അയച്ചുതരുകയും ചെയ്തിരുന്നു. അർത്ഥനാധികാരിയായ മലയാളം സർവ്വകലാശാല വി.സി. സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ അയച്ചത് പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് സർവ്വകലാശാല വി.സി. അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മലയാളം സർവ്വകലാശാലയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള തിരൂർ താലൂക്കിലെ വെട്ടം വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട **17.21** ഏക്കർ സ്ഥലത്തിന്റെ വില സംബന്ധിച്ച് റീ നെഗോഷ്യേറ്റ് ചെയ്ത് ഇപ്പോൾ നിശ്ചയിച്ച വിലയിൽ നിന്നും പരമാവധി കുറയ്ക്കാനാകുമോ എന്ന വിവരം അറിയിക്കുവാൻ മലപ്പുറം ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏറ്റെടുക്കാൻ അനുയോജ്യമായ സ്ഥലങ്ങളെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ഭരണകൂടം യൂണിവേഴ്സിറ്റിയെ അറിയിച്ചിരുന്നോ; എങ്കിൽ അതു സംബന്ധിച്ചുള്ള കത്തിടപാടുകളുടെയെല്ലാം പകർപ്പ് ലഭ്യമാക്കുമോ; | (ബി) | മലയാളം സർവ്വകലാശാല ഭൂമി ഏറ്റെടുക്കലിനായി 21.06.2013 തീയതിയിലെ എൽ.എ. 4-57943/12 നം. കത്ത് പ്രകാരം തിരൂർ താലൂക്കിലെ ആതവനാട് വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം ഒപ്പ് വച്ച് തിരികെ നൽകുന്നതിനായി മലയാളം സർവ്വകലാശാല വി.സി. ക്ക് അയച്ചുകൊടുത്തിരുന്നു. എന്നാൽ പരിസര വാസികളുടെ എതിർപ്പ് കാരണം തിരൂർ താലൂക്കിലെ ആതവനാട് വില്ലേജിൽപ്പെട്ട 100 ഏക്കർ ഭൂമി ആവശ്യമില്ലെന്ന് 6.11.13 തീയതിയിലെ മലയാള സർവ്വകലാശാല വി.സി. അറിയിച്ചിട്ടുള്ളതുമാണ്. മലയാള സർവ്വകലാശാല വി.സി. യുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (സി) | ജില്ലാ ഭരണകൂടം നിർദ്ദേശിച്ച സ്ഥലങ്ങൾ യൂണിവേഴ്സിറ്റി അധികൃതർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെ പരിശോധിച്ചു; ഓരോ ഭൂമിയെയും സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (സി) & (ഡി) | ജില്ലാ ഭരണകൂടം ആദ്യം നിർദ്ദേശിച്ച ആതവനാട് വില്ലേജിലെ സ്ഥലം മലയാളം സർവ്വകലാശാല വി.സി. നേരിട്ട് പരിശോധിച്ചിട്ടുള്ളതുമാണ്. മലയാളം സർവ്വകലാശാല വി.സി. യുടെ 06.11.13 തീയതിയിലെ കത്തിൽ ടി സ്ഥലം വലിയ കുഴിയും കുന്നുകളുമായി കിടക്കുന്നതും കല്ല് വെട്ടിയെടുത്ത വലിയ ഗർത്തങ്ങൾ കൊണ്ട് ഉപയോഗ ശൂന്യമാണെന്നും സർവ്വകലാശാല കാമ്പസ് സ്ഥാപിക്കുന്നതിന് ഈ സ്ഥലം തീരെ ചേരുന്നതല്ലെന്നും ഭീമമായ തുക ചെലവിട്ടെങ്കിലെ കെട്ടിടങ്ങൾ പണിയാൻ സാധിക്കുകയുള്ളൂ എന്നും സൂചിപ്പിച്ചിരുന്നു. പരിസരവാസികളുടെ എതിർപ്പും ക്വാറി ഉടമകൾ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾ മൂലവും ഈ ഭൂമി ഏറ്റെടുക്കലിന് അനുയോജ്യമല്ലെന്ന് അറയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | ജില്ലാ ഭരണകൂടം പ്രത്യേകമായി ഏതെങ്കിലും ഭൂമി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ വെള്ളക്കെട്ടുകളോ കണ്ടൽ ചെടികൾ വളരുന്ന പ്രദേശങ്ങളോ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**തുഞ്ചത്തെഴുത്തച്ഛൻ**
**മലയാളസർവകലാശാല**

കെ. ജയകുമാർ
വൈസ് ചാൻസലർ

2013 നവംബർ 6

പ്രിയപ്പെട്ട ശ്രീ ബിജു,

2012 നവംബർ ഒന്നിന് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സ്ഥാപിതമാവുമ്പോൾത്തന്നെ സർവകലാശാലയുടെ സ്ഥിരം കാമ്പസിനായി തിരൂർ താലൂക്കിലെ ആതവനാട് വില്ലേജിൽപ്പെട്ട 100 ഏക്കർ ഭൂമി പൊന്നുംവിലയ്ക്കെടുക്കാൻ സർക്കാർ അനുവദിച്ചിരുന്നു. (സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.) റവന്യൂവകുപ്പുകളിൽ നിന്ന് ചില പ്രാരംഭപ്രവർത്തനങ്ങളും ഇതിനായി നടന്നിരുന്നു. എന്നാൽ ആ സ്ഥലം ഏറ്റെടുക്കുന്നതിനെതിരേ, ഉദ്ഘാടനദിവസം മുതൽതന്നെ വലിയ എതിർപ്പും പ്രതിഷേധവും ആരംഭിച്ചു. ആ സ്ഥലം നേരിൽകണ്ട് സർവകലാശാലയുടെ ആസ്ഥാനനിർമ്മിതിയ്ക്ക് അത്ര അനുയോജ്യമാണോ എന്ന് വിലയിരുത്തി. പൊളിച്ചുമാറ്റേണ്ട വീടുകളില്ല എന്നതാണ് സ്ഥലത്തിന്റെ ഒരു മേന്മയായി പറഞ്ഞിരുന്നത്. പക്ഷേ എതിർപ്പിന്റെ രൂക്ഷത, ജനവാസമില്ലായ്മയുടെ നേട്ടങ്ങളെ അസാധുവാക്കിക്കളയുന്നു. വലിയ കുഴികളും കുന്നുകളുമായി കിടക്കുന്ന ഈ സ്ഥലം കല്ലുവെട്ടിയെടുത്ത വലിയ ഗർത്തങ്ങൾകൊണ്ട് ഉപയോഗശൂന്യമാണിപ്പോൾ. സർവകലാശാല കാമ്പസ് സ്ഥാപിക്കുന്നതിന് ഈ സ്ഥലം തീരെ ചേരുന്നതല്ല. ഭീമമായ തുക ചെലവിട്ടെങ്കിലേ ഇവിടെ കെട്ടിടങ്ങൾ പണിയാൻ സാധിക്കൂ. ഇതോടൊപ്പം പരിസരവാസികളുടെ എതിർപ്പും ക്വാറിയുടമകൾ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളും ഈ ഭൂമിയെടുക്കലിനെ അപ്രായോഗികമാക്കുന്നു.

ഇതിന്റെ വെളിച്ചത്തിൽ, 18-10-2013 ന് ചേർന്ന മലയാളസർവകലാശാല നിർവാഹകസമിതിയും പൊതുസഭയും ആതവനാട് വില്ലേജിലെ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് തീരുമാനിച്ചു.

എന്നാൽ, സർവകലാശാലയ്ക്ക് സ്വന്തമായി സ്ഥലം എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്. തിരൂർ താലൂക്കിൽ, വെട്ടം വില്ലേജിൽ റീസർവേ നമ്പർ 172, 173, 174, 176, 177 എന്നിവയിൽപ്പെട്ട ഏകദേശം മുപ്പത് ഏക്കർ ഭൂമി സർവകലാശാലയുടെ ആവശ്യത്തിന് ചേരുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ജനവാസവും ഉള്ളതായി തോന്നുന്നില്ല. വില്ലേജ് ഓഫീസിൽനിന്ന് ലഭിച്ച സർവേനമ്പർ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ആതവനാട് വില്ലേജിൽ നേരത്തെ ആരംഭിച്ച ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാനിപ്പിക്കുകയും, വെട്ടം വില്ലേജിൽ മേൽകാണിച്ച ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കാനുള്ള നടപടികൾ അടിയന്തിരമായി ആരംഭിക്കുകയും ചെയ്യണം. ഇതിനായി നിലവിലുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് പുതിയ അനുമതി തേടി, ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുനരാരംഭിക്കണമെന്നും, നടപടികൾ ത്വരിതപ്പെടുത്തണമെന്നും, ഭൂമി ഈ വർഷം തന്നെ അഡ്വാൻസ് പൊസഷൻ നൽകാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

കെ. ജയകുമാർ
വൈസ് ചാൻസലർ

ശ്രീ. കെ. ബിജു. ഐ.എ.എസ്,
ജില്ലാ കലക്ടർ,
മലപ്പുറം ജില്ല

അനുബന്ധം - II

എൽ .എ 4 -57943/2012(1)

ജില്ലാ കളക്ടറുടെ കാര്യാലയം, മലപ്പുറം
ഇ-മെയിൽ :dcmpm2007@yahoo.co.in
ഫോൺ : 0483 2739581
ഫാക്സ് : 0483 2730010
തീയതി : 21.06.2013.

ജില്ലാ കലക്ടർ ,
മലപ്പുറം.

വൈസ് ചാൻസലർ ,
തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളം സർവ്വകലാശാല ,
തിരൂർ .

സർ ,

വിഷയം :- സ്ഥലമെടുപ്പ് - മലപ്പുറം ജില്ല, തിരൂർ താലൂക്ക് - മലയാളം സർവ്വകലാശാല - സ്ഥലമെടുപ്പ് നടപടികൾ - സംബന്ധിച്ച് .

സൂചന :-1. 31.10.2012- ലെ 537/12/ ഉ.വി.വ. നമ്പർ ഉത്തരവ്
2. 31.10.2012-ലെ 6143/12/RD നമ്പർ ഗവ.ഉത്തരവ് .

........

മലപ്പുറം ജില്ല, തിരൂർ താലൂക്ക്, ആതവനാട് വില്ലേജിലെ 188, 189, 190, 191, 192, പാർട്ട് 193, 194 പാർട്ട് 401 നടുവട്ടം വില്ലേജിലെ 287/2 ബി, 288 പാർട്ട് എന്നീ സർവ്വെ നമ്പരുകളുടെയും നിർദ്ദിഷ്ട മലയാളം സർവ്വകലാശാല സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട 100 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഒന്നാം സൂചന പ്രകാരം ഭരണാനുമതിയും രണ്ടാം സൂചന പ്രകാരം ഹൈലവൽ കമ്മിറ്റിയുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട് . (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു ) ആയത് അനുസരിച്ച് പൊന്നും വില നടപടികൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫോറം 2-ൽ തയ്യാറാക്കിയ കരട് അർത്ഥനാപത്രം അനുബന്ധരേഖകൾ സഹിതം ഇതൊന്നിച്ച് അയക്കുന്നു . അർത്ഥനയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി അർത്ഥനാധികാരിയുടെ ഒപ്പും സീലും രേഖപ്പെടുത്തി (4 സെറ്റ് ) ഈ കാര്യാലയത്തിലേക്ക് തിരികെ ലഭ്യമാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു .

വിശ്വസ്തതയോടെ ,
(ഒപ്പ്)
ഡെപ്യൂട്ടി കലക്ടർ (എൽ എ )
ജില്ലാ കളക്ടർക്കുവേണ്ടി .

ഉള്ളടക്കം: അർത്ഥനാപത്രം അനുബന്ധരേഖകളും

പകർപ്പ് : തിരൂർ എൽ എ (ജി) സ്പെഷ്യൽ തഹസിൽദാർക്ക് - അറിവിലേക്കായി .

//ശരി പകർപ്പ്//

ജൂനിയർ സൂപ്രണ്ട്

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല - 100 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ. (കൈയ്യെഴുത്ത്) നം: 537/2012/ഉവിവ. തീയതി, തിരുവനന്തപുരം, 31.10.2012

---

പരാമർശം:- മലപ്പുറം ജില്ലാ കളക്ടറുടെ 02.10.2012 ലെ എൽ.എ.4-57943/2012 നം കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ തിരൂർ എഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആതവനാട് വില്ലേജിൽ റി.സ. 184/പാർട്ട്, 188/പാർട്ട്, 189,190,191,192/പാർട്ട്, 193,194/പാർട്ട്, 401, നടുവട്ടം വില്ലേജിലെ റി.സ 287/2 ബി, 288/പാർട്ട് എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെടുന്ന 100 ഏക്കറോളം വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. കെ.എം. എബ്രഹാം
ഗവ: പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

സ്പെഷ്യൽ ഓഫീസർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ വകുപ്പ്
ധനകാര്യ വകുപ്പ്
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

Copy to:

ബഹു. മുഖ്യമന്ത്രിയുടെ പി.എ
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എ
അഡീഷണൽ സെക്രട്ടറി ടു ചീഫ് സെക്രട്ടറി
വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Scanned by CamScanner

District subject to the condition that the water bodies and paddy fields shall be retained as such for the establishment of the Thunchath Ezhuthachan Malayalam University.

The District Collector, Malappuram is requested to take urgent necessary action to acquire the land as per Rules and to constitute the District level purchase Committee to conduct negotiation with the land owners and to furnish the proposal for the approval of the SLEC at the earliest.

By Order of the Governor

K.B. Valsalakumari
Principal Secretary

To

The District Collector, Malappuram
The Special Officer Thunchath Ezhuthachan Malayalam University, Malappuram

The Land Revenue Commissioner, Thiruvananthapuram.
The Higher Education Department.
Stock File/ Office Copy.

Approved for Issue

Section Officer